# കേരള സർവകലാശാല

നം.പി.ആർ.31/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം സപ്ലിമെന്ററി) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 14 ന് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി മൈക്രോബയോളജിയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 18, 19 തീയതികളിൽ എസ്.ഡി കോളേജ് ആലപ്പുഴയിലും ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (ബയോകെമിസ്ട്രി കോർ) കോഴ്സിന്റെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 19 മുതലും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ

## ടൈംടേബിൾ

2019 ഫെബ്രുവരി 25 മുതൽ ആരംഭിക്കുന്ന ബി.എ ആന്വൽ ബിരുദ സപ്ലിമെന്ററി പാർട്ട് I & II പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ഫെബ്രുവരി 22 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (സി.എസ്.എസ്) (2018 – 2020) പി.ജി പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 15 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 19 വരെയും അപേക്ഷിക്കാം.

2019 ഫെബ്രുവരി 25 ന് ആരംഭിക്കുന്ന ബി.എൽ.ഐ.എസ്.സി (ഒരു വർഷം–2017 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 16 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 19 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ ബിസിനസ് ഇക്കണോമിക്സ്, എം.എം.സി.ജെ, മ്യൂസിക്, മ്യൂസിക് (വയലിൻ), ഡാൻസ് (കേരള നടനം), സംസ്കൃതം സ്പെഷ്യൽ, സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ, ജ്യോതിഷ്യ) മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ, ഹിന്ദി ലാംഗ്വേജ് & ലിറ്ററേച്ചർ, എം.എസ്.സി മൈക്രോബയോളജി, ബയോഇൻഫർമാറ്റിക്സ്, പോളിമർ കെമിസ്ട്രി, ജ്യോഗ്രഫി എന്നീ പരീക്ഷകളുടെ വിശദമായ ഫലം വെബ്സൈറ്റിൽ.

## യോഗ വർക്ക്ഷോപ്പ്

വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'യോഗ – സമ്പൂർണ്ണ ആരോഗ്യത്തിന്' എന്ന പേരിൽ 2019 ഫെബ്രുവരി 16, 17 തീയതികളിൽ യോഗ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 6282155861, 9400552206 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ആർക്കും ശാസ്ത്രം പങ്കിടാം

ശാസ്ത്ര ദിനാഘോഷത്തോടനുബന്ധിച്ച് ഫെബ്രുവരി 19 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തെ ബയോ ഇൻഫർമാറ്റിക്സ് വകുപ്പ് സംഘടിപ്പിക്കുന്ന 'ആർക്കും ശാസ്ത്രം പങ്കിടാം' എന്ന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ശാസ്ത്രജ്ഞർ, ഗവേഷകർ, കോളേജ്/സ്കൂൾ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് അവതരിപ്പിക്കുന്ന വിഷയവും പേരും 9745333875 എന്ന നമ്പറിലേയ്ക്ക് വാട്സാപ്പ് ചെയ്യാവുന്നതാണ്.

## തീയതി നീട്ടി

സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ലക്ചററിനെ നിയമിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2019 ഫെബ്രുവരി 21 5.00 P.M വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ **recruit.keralauniversity.ac.in** എന്ന വെബ്സൈറ്റിൽ.

തിരുവനന്തപുരം.
12.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**